**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3190** **11-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ ടൂറിസം ഹബ്ബായി വളർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | രാജ്യത്തെ ടൂറിസം ഹബ്ബായി സംസ്ഥാനത്തെ വളർത്തുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാനത്തെ ലോകനിലവാരത്തിലുള്ള ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന്റെ സാധ്യതകൾ വിശകലനം ചെയ്തുവരുന്നു. ഇതിന്റെ ഭാഗമായി ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിലെ പ്രധാന ബീച്ചുകളിൽ ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് പദ്ധതികൾ നടപ്പിലാക്കുന്നു. ഹെലി ടൂറിസം, ഡെസ്റ്റിനേഷൻ വെഡ്ഡിങ് ടൂറിസം, ക്രൂയിസ് ടൂറിസം, ഹെറിറ്റേജ് ടൂറിസം, കാരവൻ ടൂറിസം എന്നിവ നടപ്പിലാക്കുന്നതിനും ദേശീയ/ അന്തരാഷ്ട്ര ഫെയറുകൾ സംഘടിപ്പിക്കുക, ഫുഡ് സ്ട്രീറ്റുകളുടെ നിർമ്മാണം, ടൂറിസം കോറിഡോർ വികസനം ചാമ്പ്യൻസ് ബോട്ട് ലീഗ്, സാഹസിക ടൂറിസം തുടങ്ങിയവ പ്രോത്സാഹിപ്പിയ്ക്കുന്നതിനുമുള്ള നടപടികളുമായി മുന്നോട്ട് പോവുകയാണ്.<br><br>ഉത്തരവാദിത്ത ടൂറിസം എന്ന ആശയത്തെ അടിസ്ഥാനമാക്കി വില്ലേജ് ടൂറിസം, റൂറൽ ടൂറിസം, കൾച്ചറൽ ടൂറിസം, ഫെസ്റ്റിവൽ ടൂറിസം, എക്സ്പീരിയൻഷ്യൽ ടൂറിസം, ഫാം/അഗ്രി ടൂറിസം, ഫുഡ് ടൂറിസം, ആക്സ്സിബിൾ ടൂറിസം, ടൂറിസത്തിലൂടെ സ്ത്രീ ശാക്തീകരണം, പ്രാദേശിക കലാകാരന്മാർ, വിവിധ രംഗകലകൾ ആയോധന കലകൾ എന്നിവയ്ക്ക് പ്രോത്സാഹനം, സുവനീർ/ പ്രാദേശിക കരകൗശല വസ്തുക്കളുടെ നിർമ്മാണത്തിനുള്ള പ്രോത്സാഹനം, സ്റ്റോറി ടെല്ലിംഗ് പാക്കേജുകൾ എന്നിങ്ങനെ കേരളത്തിൽ സുസ്ഥിര ടൂറിസം വികസനത്തിനുള്ള വിവിധ പ്രവർത്തനങ്ങൾ വകുപ്പ് നടപ്പിലാക്കി വരുന്നു.<br><br>പ്രധാന തീർത്ഥാടന കേന്ദ്രങ്ങൾക്ക് സമീപം തീർത്ഥാടന സൗകര്യങ്ങൾ സജ്ജമാക്കുക, "ഒരു പഞ്ചായത്ത് ഒരു ഡെസ്റ്റിനേഷൻ"എന്ന ലക്ഷ്യം കൈവരിക്കാൻ ലക്ഷ്യമിട്ടുള്ള ഡെസ്റ്റിനേഷൻ ചലഞ്ച് |

| | | | |
|---|---|---|---|
| | | | പ്രോഗ്രാം, ഹെറിറ്റേജ് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വകുപ്പ് നടപ്പിലാക്കി വരുന്ന മുസിരിസ് പൈതൃക പദ്ധതി, ആലപ്പുഴ പൈതൃക പദ്ധതി, തലശ്ശേരി പൈതൃക പദ്ധതി, ട്രാവൻകൂർ പൈതൃക പദ്ധതി എന്നിവ പൂർത്തിയാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.<br><br>ക്രൂയിസ് ടൂറിസം വികസിപ്പിക്കുന്നതിനായി മലബാർ റിവർ ക്രൂയിസ് പദ്ധതി, ബീച്ച് ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന് കിഫ്ബി ഫണ്ട് ഉപയോഗിച്ച് മുഴപ്പിലങ്ങാട്-ധർമ്മടം ബീച്ചിന്റെ സമഗ്ര വികസനം, ആലപ്പുഴ ചെത്തി ബീച്ചിന്റെ വികസനം എന്നിവ പൂർത്തീകരിക്കുന്നതിനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. ടൂറിസ്റ്റുകൾ ധാരാളമായി എത്തുന്ന ടൂറിസം കേന്ദ്രങ്ങളിൽ ശുചിത്വം ഉറപ്പ് വരുത്തുന്നതിനായി ടൂറിസം വകുപ്പ് ക്ലീൻ ഡെസ്റ്റിനേഷൻ എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) | ടൂറിസത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ സ്വകാര്യ മേഖലയുടെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം പുതിയ നടപടികളാണ് സ്വീകരിച്ചു വരുന്നത്; വിശദാംശം ലഭ്യമാക്കുമോ? | (ബി) | ടൂറിസത്തിന്റെ അനന്തസാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ സ്വകാര്യ മേഖലയുടെ നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് വിനോദ സഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കിയ ടൂറിസം ഇൻവെസ്റ്റേഴ്സ് മീറ്റ് (TIM) മുഖേന സംസ്ഥാനത്തിന്റെ ടൂറിസം വികസനത്തിന് ശക്തമായ പിന്തുണ നൽകുവാൻ കഴിഞ്ഞു. ഇത്തരം പ്രവർത്തനങ്ങൾ വഴി ടൂറിസം രംഗത്ത് കൂടുതൽ നിക്ഷേപകർക്ക് പ്രോത്സാഹനം ഉറപ്പാക്കുകയും ടൂറിസം പദ്ധതികൾ വിഭാവനം ചെയ്യുവാനും അത് വഴി നൂതന വിപണന മാർഗ്ഗങ്ങളിലൂടെ സുസ്ഥിരമായ ടൂറിസം വികസനം സംസ്ഥാനത്തിന് വിഭാവനം ചെയ്യുന്നതുമാണ്. കേരളത്തിലേക്ക് എത്തുന്ന ആഭ്യന്തര – വിദേശ സഞ്ചാരികളുടെ എണ്ണം ഇരട്ടിയാക്കുക , ടൂറിസം മേഖലയിൽ തൊഴിലവസരങ്ങൾ കൂടുതൽ സൃഷ്ടിക്കുക, എന്നിങ്ങനെ ടൂറിസത്തിന്റെ പ്രോത്സാഹനത്തിനും ആസൂത്രണത്തിനും വികസനത്തിനും, ഇതു വഴി കേരളത്തിന്റെ ടൂറിസം മേഖലയുടെ പുത്തൻ കുതിപ്പിനും ആക്കം കൂട്ടുന്നതാണ്. വരാനിരിക്കുന്ന നിക്ഷേപങ്ങൾ ടൂറിസം മേഖലയെ അന്തർദേശീയ നിലവാരത്തിലേക്ക് കൂടുതൽ വികസിപ്പിക്കുന്നതിനും വിനോദസഞ്ചാരികളെ കൂടുതൽ ആകർഷിക്കുന്നതിനും സഹായിക്കും. |

സെക്ഷൻ ഓഫീസർ